(ബി) ഇതിന്റെ ഭാഗമായി വനം, ജലവിഭവം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദ ടൂറിസം പദ്ധതിക്ക് നടപടി സ്വീകരിക്കുമോ?

ഈ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് നടപടി സ്വീകരിക്കാവുന്നതാണ്.

(സി) ചിമ്മിനി ഡാം ഗാർഡൻ, മുനിയാട്ട് കുന്ന്, കോഴിമുട്ടപ്പാറ, പുലിക്കണ്ണി മുളങ്കാട്, കുണ്ടായി ഗ്രഹ തുടങ്ങിയ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഒരു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതി

142(4152) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം നിള പാർക്ക് നവീകരണം സംബന്ധിച്ച് വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറം നിളയോരം പാർക്ക് നവീകരണം എന്ന നിലവിലുള്ള പദ്ധതിയുടെ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ള പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിന് പദ്ധതി നിർവഹണ ഏജൻസിയായ മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതി എന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) സെക്രട്ടേറിയറ്റിലെ വിനോദസഞ്ചാര വകുപ്പിലെ പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; വ്യക്തമാക്കുമോ?

കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് എം.എൽ.എ. സർക്കാരിന് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly